ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **ലോക്സഭാ തിരെഞ്ഞെടുപ്പിൽ എൻ ഡി എ കേവല ഭൂരിപക്ഷത്തിലേയ്ക്ക്. ശക്തമായ പോരാട്ടം കാഴ്ചവെച്ച് ഐ എൻ ഡി ഐ എ സഖ്യം.**

**NDA to absolute majority in Lok Sabha elections. INDIA alliance in view of strong fight.**

2) **പ്രധാനമന്ത്രി നരേന്ദ്രമോദി വാരണാസിയിൽ മുന്നിൽ. രാഹുൽ ഗാന്ധിക്ക് റായ്ബറേലിയിലും വയനാട്ടിലും ലീഡ്.**

**Prime Minister Narendra Modi ahead in Varanasi. Rahul Gandhi leads in Rae Bareli and Wayanad.**

3. **കേരളത്തിൽ 17 മണ്ഡലങ്ങളിൽ യുഡിഎഫ് മുന്നേറ്റം. ആലത്തൂരിൽ എൽഡിഎഫ് മുന്നിൽ, തിരുവനന്തപുരത്തും, തൃശൂരും ബിജെപി മുന്നേറ്റം തുടരുന്നു.**

**UDF advances in 17 constituencies in Kerala. LDF leads in Alathur, BJP continues to advance in Thiruvananthapuram and Thrissur.**

4. **ഒഡിഷയിലും ആന്ധ്രാപ്രദേശിലും പ്രതിപക്ഷ കക്ഷികൾക്ക് മുന്നേറ്റം.. ഒഡിഷയിൽ ബി ജെ പിയും ആന്ധ്രയിൽ ടി ഡി പി സഖ്യവും മുന്നിൽ.**

**Advancement for opposition parties in Odisha and Andhra Pradesh.. BJP in Odisha and TDP alliance in front.**

==============================

## ELECTION  – GENERAL

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ എൻഡിഎ 280 ലേറെ സീറ്റിലും, ഐ.എൻ.ഡി.ഐ.എ സഖ്യം 235 ലേറെ  സീറ്റിലും മുന്നേറ്റം തുടരുന്നു. ബിജെപി 242 ലേറെ മണ്ഡലങ്ങളിലും, കോൺഗ്രസ് 96-ഓളം സീറ്റിലും  മുന്നിലാണ്. കേരളത്തിൽ 17 സീറ്റിൽ ഒരു സീറ്റിൽ എൽഡിഫും, 2 സീറ്റിൽ എൻഡിഎയും മുന്നേറുന്നു. തിരുവനന്തപുരം, ആലത്തൂർ, തൃശൂർ ഒഴികെയുള്ള എല്ലാ മണ്ഡലങ്ങളിലും യുഡിഎഫ് ആണ് മുന്നിൽ. ഒരു  മണ്ഡലത്തിൽ എൽഡിഎഫും, 2  സീറ്റുകളിൽ എൻഡിഎയും ലീഡ് ചെയ്യുന്നു. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടക്കുന്നത്.. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി വാരാണസിയിൽ വ്യക്തമായ  മുന്നേറ്റം കാഴ്ചവയ്ക്കുന്നു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാട്  റായ്ബറേലി മണ്ഡലങ്ങളിൽ  മുന്നേറ്റം തുടരുകയാണ്.

==============================

## KERALA  GENERAL

സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിൽ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ 17 ഇടത്തും വ്യക്തമായ ലീഡ് നിലനിർത്തി മികച്ച പ്രകടനമാണ് യുഡിഎഫ് കാഴ്ച വയ്ക്കുന്നത്. ആലത്തൂർ മാത്രമാണ് എൽഡിഎഫിന് ലീഡ് നേടാനായത്.  തൃശൂർ, തിരുവനന്തപുരം  മണ്ഡലങ്ങളിൽ  മുന്നിലെത്തി ബിജെപി കേരളത്തിൽ അക്കൗണ്ട് തുറക്കാനുള്ള സാധ്യത ഉറപ്പിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ  മുന്നിലാണ്.   ആറ്റിങ്ങൽ മണ്ഡലത്തിൽ യു.ഡി.എഫ് മുന്നൂറിലേറെ വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു.

==============================

## KOLLAM – (INTRO)

കൊല്ലം ലോക്സഭാ മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥിയും സിറ്റിംഗ് എംപിയുമായ എൻ.കെ. പ്രേമചന്ദ്രൻ മുന്നിലാണ്.

മണ്ഡലങ്ങളിൽ നിന്നുള്ള വിശേഷങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ ...

നീരജ്, കൊല്ലം ജില്ലയിലെ വിവിധ സ്ഥാനാർത്ഥികളുടെ ലീഡിങ്ങ് നില എങ്ങനെയാണ്. മണ്ഡലത്തിലെ മത്സരചിത്രം വ്യക്തമാക്കാമോ?

(VOICE.......)

=============================

## Kerala PTA to CHY

പത്തനംതിട്ട മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി ആൻറോ ആൻറണി, എൽഡിഎഫ് സ്ഥാനാർത്ഥി തോമസ് ഐസക്കിനേക്കാൾ മുന്നിലാണ്. മാവേലിക്കരയിൽ യുഡിഎഫ് സ്ഥാനാർത്ഥി കൊടിക്കുന്നിൽ സുരേഷ്, മുന്നിൽ നിൽക്കുന്നു. ആലപ്പുഴ മണ്ഡലം എൽഎഫിൽ നിന്നും യുഡിഎഫ് തിരിച്ചു പിടിച്ചു. കോൺഗ്രസ് സ്ഥാനാർത്ഥി കെ.സി വേണുഗോപാൽ മുന്നിലാണ്. കോട്ടയത്ത് യുഡിഎഫ് സ്ഥാനാർത്ഥി ഫ്രാൻസിസ് ജോർജ്, എൽഡിഎഫ് സ്ഥാനാർത്ഥി തോമസ് ചാഴിക്കാടനേക്കാൾ മുന്നിലാണ്. എറണാകുളത്ത് കോൺഗ്രസ് സ്ഥാനാർത്ഥി ഹൈബി ഈഡൻ ഒന്നര ലക്ഷത്തിലധികം വോട്ടിന് മുന്നിലെത്തി വിജയമുറപ്പിച്ചു. ചാലക്കുടിയിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ബെന്നി ബെഹനാൻ, എൽ.ഡി.എഫ് സ്ഥാനാർത്ഥി സി.രവീന്ദ്രനാഥിനേക്കാൾ 23 ആയിരത്തിലധികം വോട്ടുകൾക്ക് മുന്നിലാണ്.

=============================

## KERALA ALATHUR TO KZD

എൽഡിഎഫ് മുന്നിൽ നിൽക്കുന്ന ആലത്തൂരിൽ സിപിഐഎം സ്ഥാനാർത്ഥിയും സംസ്ഥാന മന്ത്രിയുമായ കെ.രാധാകൃഷ്ണൻ മുന്നിലാണ്. പാലക്കാട് യുഡിഎഫ് സ്ഥാനാർത്ഥി വി.കെ

ശ്രീകണ്ഠൻ, എൽഡിഎഫ് സ്ഥാനാർത്ഥി എ വിജയരാഘവനെതിരെ 48 ആയിരത്തിലധികം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. മലപ്പുറത്തും, പൊന്നാനിയിലും മുസ്ലിം ലീഗ് വ്യക്തമായ മുന്നേറ്റം തുടരുകയാണ്. മലപ്പുറത്ത് ലീഗ് സ്ഥാനാർത്ഥി ഇ.റ്റി മുഹമ്മദ് ബഷീർ ഒരു ലക്ഷത്തി 38 ആയിരത്തിലേറെ വോട്ടിനും പൊന്നാനിയിൽ ലീഗ് സ്ഥാനാർത്ഥി അബ്ദുൾ സമദ് സമദാനി 1.12 ലക്ഷത്തിലേറെ വോട്ടിനും ലീഡ് ചെയ്യുന്നു. കോഴിക്കോട് കോൺഗ്രസ് സ്ഥാനാർത്ഥി എം.കെ രാഘവൻ ഒരു ലക്ഷത്തിലേറെ വോട്ടുകൾക്ക് മുന്നിലാണ്.
രാഷ്ട്രീയ കേരളം ഉറ്റുനോക്കിയ വടകര മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിൽ അൻപതിനായിരത്തിലേറെ വോട്ടുകൾക്ക് മുന്നിലാണ്. വയനാട് മണ്ഡലത്തിൽ രാഹുൽ ഗാന്ധി 1.86 ലക്ഷത്തിലേറെ വോട്ടുമായി വിജയം ഉറപ്പിച്ചു.
കണ്ണൂരിൽ കോൺഗ്രസ് സംസ്ഥാന അധ്യക്ഷനും യുഡിഎഫ് സ്ഥാനാർത്ഥിയുമായ കെ സുധാകരൻ നാൽപതിനായിരത്തിലേറെ വോട്ടുകൾക്കാണ് ലീഡ് ചെയ്യുന്നത്. കാസർഗോഡ് യുഡിഎഫ് സ്ഥാനാർത്ഥിയും സിറ്റിംഗ് എംപിയുമായ രാജ് മോഹൻ ഉണ്ണിത്താൻ 20 നായിരത്തിലേറെ വോട്ടുകൾക്ക് മുന്നിലാണ്.

**==========================**

## THRISSUR – (INTRO)

ശക്തമായ ത്രികോണ മത്സരം നടന്ന തൃശൂരിൽ ബിജെപി സ്ഥാനാർത്ഥി സുരേഷ് ഗോപി തുടക്കം മുതൽ തന്നെ വ്യക്തമായ ലീഡ് നിലനിർത്തുകയാണ്.
കൂടുതൽ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...

ഭരിത, പാർലമെൻറ് തിരഞ്ഞെടുപ്പിൽ കേരളത്തിൽ അക്കൗണ്ട് തുറക്കുകയെന്ന ബിജെപിയുടെ ദീർഘ കാല അഭിലാഷമാണ് സുരേഷ് ഗോപിയിലൂടെ സഫലമാകാൻ പോകുന്നത്. എന്താണ് തൃശൂരിൽ നിന്നുള്ള പുതിയ വിവരങ്ങൾ?

(VOICE……)

**==========================**

## LAKSHADWEEP – (INTRO)

ലക്ഷദ്വീപിൽ കോൺഗ്രസ് സ്ഥാനാർത്ഥി മുഹമ്മദ് ഹംദുള്ള സെയ്ദ് മുന്നേറുന്നു. സിറ്റിംഗ് എംപിയും എൻസിപി ശരത് പവാർ പക്ഷ നേതാവുമായ പി.പി അബ്ദുൾ ഫൈസൽ പിന്നിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം.
(VOICE……….)

==============================

## TAMIL NADU TRENDS

തമിഴ്നാട്ടിൽ 39 ലോക്സഭാ സീറ്റുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 21 സീറ്റുകളിൽ DMK യും 8 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. CPIM ഉം CPI ഉം വി.സി കെയും രണ്ട് സീറ്റിൽ വീതവും, PMK, DMDK, MDMK, മുസ്ലീം ലീഗ് എന്നീ കക്ഷികൾ ഓരോ സീറ്റുകളിലും മുന്നിലാണ്. നീലഗിരി മണ്ഡലത്തിൽ കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ പിന്നിലാണ്. തെലങ്കാന - പുതുച്ചേരി മുൻ ഗവർണർ തമിഴിസൈ സൗന്ദര രാജൻ ചെന്നൈ സൗത്ത് സീറ്റിൽ പിന്നിലാണ്. കനിമൊഴി, എ.രാജ, ദയാനിധി മാരൻ ഉൾപ്പെടെയുള്ള ഡിഎംകെ നേതാക്കൾ വിവിധ മണ്ഡലങ്ങളിൽ മുന്നിലാണ്.

==============================

## KARNATAKA TRENDS

കർണാടകയിലെ 28 ലോക്സഭാ സീറ്റുകളിൽ 16 ഇടത്ത് BJP മുന്നിലാണ്. JDS രണ്ടിടത്തും കോൺഗ്രസ് 10 സീറ്റുകളിലും ലീഡ് ചെയ്യുന്നു.

==============================

## ANDHRA PRADESH TRENDS

ആന്ധ്രാപ്രദേശിൽ 25 മണ്ഡലങ്ങളിൽ TDP 16 സീറ്റുകളിൽ മുന്നിലാണ്. മൂന്നിടത്ത് ബി ജെ പിയും YSRCP 4 മണ്ഡലങ്ങളിലും ലീഡ് ചെയ്യുന്നു.

==============================

## TELANGANA TRENDS

തെലങ്കാനയിലെ 17 ലോക്സഭ മണ്ഡലങ്ങളിൽ ബി ജെ പി 8 ഇടത്ത് ലീഡ് ചെയ്യുന്നു. കോൺഗ്രസ് എട്ട് സീറ്റുകളിൽ മുന്നിലാണ്. ഹൈദരാബാദ് ലോക് സഭാ മണ്ഡലത്തിൽ AIMIM അധ്യക്ഷൻ അസാദുദ്ദീൻ ഒവൈസി മുന്നിലാണ്.

==============================

## UP – COUNTING

80 മണ്ഡലങ്ങളുള്ള ഉത്തർപ്രദേശിൽ 34 ഇടത്ത് ബി ജെ പി യും 36 ഇടത്ത് സമാജ്‌വാദി പാർട്ടിയും 7 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. ബിജെപി സ്ഥാനാർത്ഥിയും കേന്ദ്രമന്ത്രിയുമായ രാജ് നാഥ് സിംഗ് ലഖ്നൗവിൽ മുന്നിലാണ്.

==============================

## DELHI –– COUNTING

ഡൽഹിയിലെ ഏഴ് സീറ്റുകളിലും ബിജെപി ലീഡ് ചെയ്യുന്നു.

എൻ ഡി എ ക്കു വേണ്ടി മത്സരിച്ച കേന്ദ്ര മന്ത്രി സുഷമ സ്വരാജിന്റെ മകൾ ബൻസുരി സ്വരാജ് മുന്നിലാണ്.

==============================

## MADHYAPRADESH COUNTING

29 മണ്ഡലങ്ങളുള്ള മധ്യപ്രദേശിൽ മുഴുവൻ മണ്ഡലങ്ങളിലും ബിജെപി ലീഡ് ചെയ്യുന്നു. ബിജെപി സ്ഥാനാർത്ഥിയും മധ്യപ്രദേശ് മുൻ മുഖ്യമന്ത്രിയുമായ ശിവരാജ് സിംഗ് ചൗഹാനും ജ്യോതിരാദിത്യ സിന്ധ്യയും മുന്നിലാണ്.

==============================

## MAHARASHTRA -COUNTING

48 മണ്ഡലങ്ങളുള്ള മഹാരാഷ്ട്രയിൽ 13 ഇടത്ത് ബിജെപിയും 10 ഇടത്ത് ശിവസേന- ഉദ്ദവ് താക്കറെ വിഭാഗവും, 6 ഇടത്ത് ശിവസേന ഏക്നാഥ് ഷിൻഡെ വിഭാഗവും എൻസിപി- എസ്.പി 8 ഇടത്തും കോൺഗ്രസ് 10 ഇടത്തും മറ്റുള്ളവർ 1 ഇടത്തും ലീഡ് ചെയ്യുന്നു.

=============================

## RAJASTHAN --- COUNTING

രാജസ്ഥാനിലെ 25 മണ്ഡലങ്ങളിൽ 14 ഇടത്ത് ബിജെപിയും 8 ഇടത്ത് കോൺഗ്രസും 1 ഇടത്ത് രാഷ്ട്രീയ ലോക് താന്ത്രിക പാർട്ടിയും സിപിഐ എം 1 ഇടത്തും ലീഡ് ചെയ്യുന്നു.

=============================

## GUJARATH COUNTING

ഗുജറാത്തിലെ 26 മണ്ഡലങ്ങളിൽ 24 ഇടത്ത് ബിജെപിയും 2 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു.

=============================

## HARIYANA COUNTING

ഹരിയാനയിലെ 10 മണ്ഡലങ്ങളിൽ 4 ഇടത്ത് ബിജെപിയും 5 ഇടത്ത് കോൺഗ്രസ്സും 1 ഇടത്ത് ആം ആദ്മിയും ലീഡ് ചെയ്യുന്നു.

=============================

## PUNJAB--COUNTING

പഞ്ചാബിലെ 13 മണ്ഡലങ്ങളിൽ 7 ഇടത്ത് കോൺഗ്രസും 3 ഇടത്ത് ആം ആദ്മിയും 1 ഇടത്ത് ശിരോമണി അകാലിദളും 2 ഇടത്ത് മറ്റുള്ളവരും ലീഡ് ചെയ്യുന്നു.

=============================

## ASSEMBLY COUNTING – AP + Odisha

ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭകളിലേക്കുള്ള വോട്ടെണ്ണൽ പുരോഗമിക്കുകയാണ്. ആന്ധ്രാപ്രദേശിൽ ആകെയുള്ള 175 സീറ്റുകളിൽ 131 ഇടങ്ങളിൽ തെലുഗ് ദേശം പാർട്ടി മുന്നിലാണ്. ഭരണകക്ഷിയായ YSRCP 17 ഉം ബി ജെ പി 7 ഉം ജനസേന പാർട്ടി 20 ഉം ഇടങ്ങളിൽ ലീഡ് ചെയ്യുന്നു. ഒഡീഷയിൽ 147 നിയമസഭാ മണ്ഡലങ്ങളിൽ 74 സീറ്റുകളിൽ ബി ജെ പിയാണ് മുന്നിൽ. ഭരണകക്ഷിയായ ബിജു ജനതാദൾ 57 ഇടങ്ങളിലും കോൺഗ്രസ് 13 മണ്ഡലങ്ങളിൽ ലീഡ് ചെയ്യുന്നു. CPI(M) 1 ഉം സ്വതന്ത്രർ 2 ഉം സീറ്റുകളിൽ മുന്നിലാണ്.

============

==============================

=============================================